Reg. No. : ..................................

Name : ..........................................

**FY 707**

# FIRST YEAR HIGHER SECONDARY EQUIVALENCY EXAMINATION, MAY 2024
## Part – III
## ECONOMICS
**Maximum : 80 Scores**

Time : 2½ Hours
Cool-off Time : 15 Minutes

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Calculations, figures and graphs should be shown in the answer sheet itself.*
- *Malayalam version of the questions is also provided.*
- *Give equations wherever necessary.*
- *Electronic devices except non programmable calculators are not allowed in the Examination Hall.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**Score**

**Answer any 14 questions from 1 to 16. Each carries 1 score.** **(14×1=14)**

Choose the most suitable answer from the brackets.

**1.** Unemployment prevailing in Indian agriculture sector.

a) Open Unemployment
b) Disguised Unemployment
c) Educated Unemployment
d) Voluntary Unemployment

**2.** Which of the following is not included in tertiary sector ?

a) Education b) Agriculture c) Banking d) Insurance

**3.** An example of measure of central tendency

a) Mean b) Correlation c) Range d) Quartiles

**4.** Alternative name of 'cost of living index number'.

a) Wholesale price index
b) Consumer price index
c) Sensex
d) Industrial production index

**5.** A random sampling method

a) Product Method
b) Income Method
c) Lottery Method
d) Expenditure Method

Fill in the blanks.

**6.** The try out survey conducted before the actual survey is ____________

**7.** ______________ is the Central Bank of India.

**Score**

**1 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 14 എണ്ണത്തിന് ഉത്തരം എഴുതുക.**
**1 സ്കോർ വീതം.** **(14×1=14)**

ബ്രാക്കറ്റിൽ നിന്നും അനുയോജ്യമായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.

**1.** ഇന്ത്യയുടെ കാർഷിക മേഖലയിൽ കാണപ്പെടുന്ന തൊഴിലില്ലായ്മ.

a) തുറന്ന തൊഴിലില്ലായ്മ
b) പ്രച്ഛന്ന തൊഴിലില്ലായ്മ
c) അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ
d) സ്വമേധയായുള്ള തൊഴിലില്ലായ്മ

**2.** ചുവടെ ചേർക്കുന്നവയിൽ തൃതീയ മേഖലയിൽ ഉൾപ്പെടാത്തത്

a) വിദ്യാഭ്യാസം b) കൃഷി c) ബാങ്കിംഗ് d) ഇൻഷുറൻസ്

**3.** കേന്ദ്രീയ പ്രവണതയുടെ അളവിന് ഉദാഹരണം

a) മാധ്യം b) സഹബന്ധം c) റെയ്ഞ്ച് d) ക്വാർട്ടൈലുകൾ

**4.** 'ജീവിതച്ചെലവ് സൂചിക' യുടെ മറ്റൊരു പേര്.

a) മൊത്തവില സൂചിക
b) ഉപഭോക്തൃ വില സൂചിക
c) സെൻസെക്സ്
d) വ്യാവസായിക ഉൽപ്പന്ന സൂചിക

**5.** ഒരു റാൻഡം സാംപ്ലിങ് രീതിയാണ്

a) ഉൽപ്പന്ന രീതി
b) വരുമാന രീതി
c) ലോട്ടറി രീതി
d) ചെലവ് രീതി

വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

**6.** യഥാർത്ഥ സർവ്വേയ്ക്ക് മുമ്പ് നടത്തുന്ന പരീക്ഷണ സർവ്വേയാണ് ____________

**7.** ______________ ആണ് ഇന്ത്യയുടെ കേന്ദ്രബാങ്ക്.

Score

8. The midvalue of the class 100-150 is ____________

9. The lowest value of correlation co-efficient is _______________

State whether True or False.

10. NABARD is the apex body which regulates rural agricultural credit system in India.

11. Pakistan introduced economic reforms in 1991.

12. Personal interview method of data collection is more expensive.

Match column (A) with column (B) :

| A | | B |
|---|---|---|
| 13. Laspeyre | : | Jail cost of living |
| 14. Spearman | : | Small scale industries |
| 15. William Karve | : | Index Number |
| 16. Dadabhai Naoroji | : | Rank Correlation |

**Answer any 5 questions from 17 to 22. Each carries 2 scores.** **(5×2=10)**

17. Write two causes of agricultural stagnation in India during the colonial period.

18. Distinguish between discrete and continuous variables.

Score

**8.** 100-150 എന്ന ക്ലാസിന്റെ മധ്യാങ്കം ______________ ആണ്.

**9.** സഹബന്ധ ഗുണാങ്കത്തിന്റെ ഏറ്റവും താഴ്ന്ന മൂല്യം _________________ ആണ്.

ശരിയോ തെറ്റോ എന്നെഴുതുക.

**10.** ഇന്ത്യയിലെ ഗ്രാമീണ കാർഷിക വായ്പാ സംവിധാനം നിയന്ത്രിക്കുന്ന ഉന്നതാധികാര സ്ഥാപനമാണ് നബാർഡ്.

**11.** പാക്കിസ്ഥാൻ സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പിലാക്കിയത് 1991ലാണ്.

**12.** വ്യക്തികളുമായുള്ള അഭിമുഖത്തിലൂടെ ഡേറ്റ ശേഖരിക്കുന്നത് ചെലവ് കൂടിയ രീതിയാണ്.

കോളം (A), കോളം (B) യുമായി യോജിപ്പിക്കുക :

| | **A** | | **B** |
|---|---|---|---|
| **13.** | ലാസ്പിയർ | : | ജയിൽ ജീവിതച്ചെലവ് |
| **14.** | സ്പിയർമാൻ | : | ചെറുകിട വ്യവസായങ്ങൾ |
| **15.** | വില്യം കാർവെ | : | സൂചകാങ്കങ്ങൾ |
| **16.** | ദാദാ ഭായി നവറോജി | : | റാങ്ക് സഹബന്ധം |

**17 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരം എഴുതുക. 2 സ്കോർ വീതം.** **(5×2=10)**

**17.** കോളനിവാഴ്ചക്കാലത്ത് ഇന്ത്യൻ കാർഷിക മേഖലയുടെ സ്തംഭനാവസ്ഥയ്ക്ക് ഇടയാക്കിയ രണ്ട് കാരണങ്ങൾ എഴുതുക.

**18.** 'സന്തത ചരങ്ങൾ', അസന്തത ചരങ്ങൾ എന്നിവ വേർതിരിച്ചെഴുതുക.

Score

19. List out two merits of free trade.

20. What is a project ? Mention major steps towards making it.

21. Write two uses of statistics in Economics.

22. Mention four functions of environment.

**Answer any 3 questions from 23 to 26. Each carries 3 scores.** **(3×3=9)**

23. Complete the chart showing major events in the economic development of China.

| Major Events in the Economic Development of China |
|---|
| • Single party rule<br>•<br>•<br>• |

24. Differentiate 'exclusive' and 'inclusive' method of class with suitable example.

25. Write any three uses of index numbers.

26. Draw simple bar diagram from the following data.

| **Name of School** | A | B | C | D |
|---|---|---|---|---|
| **Number of Students** | 20 | 40 | 50 | 25 |

**Answer any 4 questions from 27 to 31. Each carries 4 scores.** **(4×4=16)**

27. Explain the major sources of human capital formation.

Score

19. സ്വതന്ത്ര വ്യാപാരത്തിന്റെ രണ്ട് നേട്ടങ്ങൾ പട്ടികപ്പെടുത്തുക.

20. പ്രോജക്റ്റ് എന്നാൽ എന്ത് ? പ്രോജക്റ്റ് നിർമ്മാണത്തിലെ പ്രധാനപ്പെട്ട നടപടി ക്രമങ്ങൾ ഏവ ?

21. സാമ്പത്തിക ശാസ്ത്രത്തിൽ സാംഖികത്തിന്റെ രണ്ട് ഉപയോഗങ്ങൾ എഴുതുക.

22. പരിസ്ഥിതിയുടെ നാല് ധർമ്മങ്ങൾ എഴുതുക.

**23 മുതൽ 26 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 3 സ്കോർ വീതം. (3×3=9)**

23. ചൈനയുടെ സാമ്പത്തിക വികസനത്തിലെ പ്രധാന സംഭവങ്ങൾ സൂചിപ്പിക്കുന്ന ചാർട്ട് പൂർത്തിയാക്കുക.

| ചൈനയുടെ സാമ്പത്തിക വികസനത്തിലെ പ്രധാന സംഭവങ്ങൾ |
|---|
| • ഏക കക്ഷി ഭരണം<br>•<br>•<br>• |

24. 'എക്സ്ക്ലൂസിവ് ' രീതിയിലുള്ള ക്ലാസ് 'ഇൻക്ലൂസിവ് ' രീതിയിലുള്ള ക്ലാസ് ഇവ എന്തെന്ന് ഉദാഹരണസഹിതം വ്യക്തമാക്കുക.

25. സൂചകാങ്കങ്ങളുടെ ഏതെങ്കിലും മൂന്ന് ഉപയോഗങ്ങൾ എഴുതുക.

26. ചുവടെ തന്നിരിക്കുന്ന ഡേറ്റ ഉപയോഗിച്ച് സിമ്പിൾ ബാർ ഡയഗ്രം വരയ്ക്കുക.

| സ്കൂളിന്റെ പേര് | A | B | C | D |
|---|---|---|---|---|
| കുട്ടികളുടെ എണ്ണം | 20 | 40 | 50 | 25 |

**27 മുതൽ 31 വരെയുള്ള ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 4 സ്കോർ വീതം. (4×4=16)**

27. മനുഷ്യ മൂലധന രൂപീകരണത്തിന്റെ പ്രധാനപ്പെട്ട ഉറവിടങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കുക.

Score

**28.** Construct scatter diagram of the following :

a) Positive Correlation

b) Perfect Positive Correlation

c) Negative Correlation

d) Perfect Negative Correlation

**29.** Describe the major goals of economic planning in India.

**30.** Classify the following into (i) Regular salaried (ii) Self-employed and (iii) Hired workers.

a) Street vendor
b) Farmer
c) School teacher
d) Agricultural labour
e) KSRTC conductor
f) Shopkeeper
g) Government doctor
h) Businessman

**31.** List out the major parts of a Statistical Table.

**Answer any 3 questions from 32 to 35. Each carries 5 scores.** **(3×5=15)**

**32.** Prepare a short note on the liberalisation policy introduced in the industrial and financial sectors of India in 1991.

**33.** What is questionnaire ? Mention any four features of a good questionnaire.

**Score**

**28.** ചുവടെ ചേർക്കുന്നവയുടെ സ്കാറ്റർ ഡയഗ്രം നിർമ്മിക്കുക.

a) പോസിറ്റീവ് സഹബന്ധം

b) പൂർണ്ണ പോസിറ്റീവ് സഹബന്ധം

c) നെഗറ്റീവ് സഹബന്ധം

d) പൂർണ്ണ നെഗറ്റീവ് സഹബന്ധം

**29.** ഇന്ത്യൻ സാമ്പത്തിക ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ വിശദീകരിക്കുക.

**30.** ചുവടെ ചേർക്കുന്നവരെ (i) സ്ഥിര വേതനക്കാർ (ii) സ്വയം തൊഴിൽ ചെയ്യുന്നവർ (iii) കൂലിക്ക് തൊഴിൽ ചെയ്യുന്നവർ എന്ന് തരം തിരിക്കുക.

a) തെരുവ് കച്ചവടക്കാരൻ

b) കർഷകൻ

c) സ്കൂൾ അധ്യാപകൻ

d) കർഷക തൊഴിലാളി

e) KSRTC കണ്ടക്ടർ

f) കട നടത്തുന്ന ആൾ

g) ഗവൺമെന്റ് ഡോക്ടർ

h) ബിസിനസുകാരൻ

**31.** ഒരു സംഖ്യാശാസ്ത്ര പട്ടികയുടെ പ്രധാനപ്പെട്ട ഭാഗങ്ങൾ ഏതെല്ലാം ?

**32 മുതൽ 35 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 5 സ്കോർ വീതം.** **(3×5=15)**

**32.** 1991-ൽ ഇന്ത്യയുടെ വ്യവസായ, ധനകാര്യ മേഖലകളിൽ നടപ്പിലാക്കിയ ഉദാരവൽക്കരണ നടപടികളെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക.

**33.** ചോദ്യാവലി എന്നാൽ എന്ത് ? നല്ല ചോദ്യാവലിയുടെ ഏതെങ്കിലും നാല് സവിശേഷതകൾ എഴുതുക.

**Score**

**34.** Analyse the major steps taken by the government to improve agricultural marketing.

**35.** Construct pie diagram from the following data.

| Item | Expenditure |
|---|---|
| Food | 50 |
| Clothing | 12 |
| Cinema | 6 |
| Education | 18 |
| Rent | 10 |
| Miscellaneous | 4 |

**Answer any 2 questions from 36 to 38. Each carries 8 scores.** **(2×8=16)**

**36.** a) What is sustainable development ?

b) Analyse the major strategies of sustainable development.

**37.** a) What is Poverty line ?

b) What are the major causes of poverty ?

c) Elucidate any five poverty alleviation programmes introduced in India since Independence.

**38.** Find Mean, Median and Mode from the following continuous series.

| Class | 0 – 10 | 10 – 20 | 20 – 30 | 30 – 40 | 40 – 50 |
|---|---|---|---|---|---|
| Frequency | 4 | 6 | 12 | 18 | 10 |

Score

**34.** കാർഷിക വിപണനം മെച്ചപ്പെടുത്തുന്നതിന് ഗവൺമെന്റ് സ്വീകരിച്ച പ്രധാന നടപടികൾ വിശകലനം ചെയ്യുക.

**35.** ചുവടെ ചേർക്കുന്ന ഡേറ്റ ഉപയോഗിച്ച് പൈ ഡയഗ്രം നിർമ്മിക്കുക.

| ഇനം | ചെലവ് |
|---|---|
| ഭക്ഷണം | 50 |
| വസ്ത്രം | 12 |
| സിനിമ | 6 |
| വിദ്യാഭ്യാസം | 18 |
| വാടക | 10 |
| മറ്റിനങ്ങൾ | 4 |

**36 മുതൽ 38 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക. 8 സ്കോർ വീതം.** **(2×8=16)**

**36.** a) സുസ്ഥിര വികസനം എന്നാൽ എന്ത് ?

b) പ്രധാനപ്പെട്ട സുസ്ഥിര വികസന തന്ത്രങ്ങൾ വിശകലനം ചെയ്യുക.

**37.** a) ദാരിദ്ര്യ രേഖ എന്നാൽ എന്ത് ?

b) ദാരിദ്ര്യത്തിന്റെ പ്രധാന കാരണങ്ങൾ ഏതെല്ലാം ?

c) സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നടപ്പിലാക്കിയ ഏതെങ്കിലും അഞ്ച് ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ വിശദീകരിക്കുക.

**38.** ചുവടെ ചേർത്തിരിക്കുന്ന സന്തത ശ്രേണിയുടെ മാധ്യം, മീഡിയൻ, മോഡ് എന്നിവ കണക്കാക്കുക.

| ക്ലാസ് | 0 – 10 | 10 – 20 | 20 – 30 | 30 – 40 | 40 – 50 |
|---|---|---|---|---|---|
| ആവൃത്തി | 4 | 6 | 12 | 18 | 10 |